No. CEE/4245/PGM-2018/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

### ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2018

### രണ്ടാംഘട്ട ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ.

2018 ലെ ബിരുദാനന്തര ബിരുദ മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **19.04.2018** ന് ആരംഭിക്കുന്നു. **19.04.2018** മുതൽ **24.04.2018 വൈകുന്നേരം 3 മണി** വരെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ/ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം ലഭ്യമാകുന്നതാണ്. ന്യൂനപക്ഷ സമുദായ സീറ്റുകളിലേയ്ക്കും, എൻ.ആർ.ഐ സീറ്റുകളിലേയ്ക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്. രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ യാതൊരു കാരണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. കൂടാതെ അവരുടെ നിലവിലുള്ള ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്.

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ പാലിക്കേണ്ട നിബന്ധനകൾ, കോളേജുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം മേൽ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഓൺലൈൻ ഓപ്ഷൻ സംബന്ധിച്ച വിജ്ഞാപനം നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

**ഹെൽപ്പ്ലൈൻ നമ്പറുകൾ: (0471) 2339101, 2339102, 2339103, 2339104**

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
17.04.2018